റിപ്പോർട്ട്

•

ഹൈദറലി ശാന്തപുരം

# ഒരപൂർവ പൂർവ വിദ്യാർഥി സംഗമം

**കഴിഞ്ഞ** മാർച്ച് 27,28 തീയതികളിൽ ന്യൂദൽഹിയിലെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കൺവെൻഷൻ സെന്റർ ഒരപൂർവ പൂർവ വിദ്യാർഥി സംഗമത്തിന് സാക്ഷിയായി. ഓൾഡ് ബോയ്സ് അസോസിയേഷൻ ഓഫ് സുഊദീ യൂനിവേഴ്സിറ്റീസ് ഇൻ ഇന്ത്യ ആന്റ് നേപ്പാൾ സംഘടിപ്പിച്ചതായിരുന്നു സംഗമം. 1961-ൽ സ്ഥാപിതമായ മദീനയിലെ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, 1974-ൽ സ്ഥാപിതമായ റിയാദിലെ ഇമാം മുഹമ്മദുബ്നു സുഊദ് ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, 1981-ൽ സ്ഥാപിതമായ മക്കയിലെ ഉമ്മുൽ ഖുറാ യൂനിവേഴ്സിറ്റി എന്നീ ഉന്നത കലാലയങ്ങളിൽനിന്ന് പഠനം പൂർത്തിയാക്കിയ ഇരുനൂറിൽപരം പേരാണ് സംഗമത്തിൽ സംബന്ധിച്ചത്. എൺപത് ശതമാനം സീറ്റുകൾ വിദേശികൾക്ക് സംവരണം ചെയ്യപ്പെട്ട മദീനാ യൂനിവേഴ്സിറ്റിയിൽ പഠിച്ചവരായിരുന്നു ബഹുഭൂരിപക്ഷം. നേപ്പാളിൽനിന്നുള്ള ഏതാനും പൂർവ വിദ്യാർഥികളും കശ്മീർ മുതൽ കേരളം വരെയുള്ള സംസ്ഥാനങ്ങളിലെ പൂർവ വിദ്യാർഥികളും അവരിലുണ്ടായിരുന്നു.

2000 ജനുവരി 7-ന് സുഊദി എംബസിയിലെ കൾചറൽ അഡ്വൈസറായിരുന്ന വലീദുബ്നു അബ്ദുൽകരീം അൽഖമീസ് മുൻകൈയെടുത്താണ്, ഈ പൂർവ വിദ്യാർഥി സംഘടന രൂപവത്കരിച്ചത്. ബീഹാറിലെ ജാമിഅത്തുൽ ഇമാം ബുഖാരിയുടെ ഡയറക്ടർ അബ്ദുൽമതീൻ സലഫി പ്രസിഡന്റും ആൾ ഇന്ത്യ ഇസ്‌ലാഹീ മൂവ്മെന്റ് പ്രസിഡന്റ് അബ്ദുൽ വഹ്ഹാബ് ഖിൽജി വൈസ് പ്രസിഡന്റുമാണ്. സുഊദി എംബസി ഉദ്യോഗസ്ഥനായ അബുൽ മകാരിം ഫലാഹിയാണ് ട്രഷറർ. സെക്രട്ടറിയായിരുന്ന മുഹമ്മദ് അനസ് നദ്‌വി ഇപ്പോൾ ആസ്ത്രേലിയയിലാണ്. ജമാഅത്തെ ഇസ്‌ലാമി പ്രതിനിധിസഭാ അംഗവും യു.പിയിലെ ജാമിഅത്തുൽ ഫലാഹ് ഡയറക്ടറുമായ താഹിർ മദനിയടക്കം പതിനൊന്ന് പേരടങ്ങുന്നതാണ് പ്രവർത്തക സമിതി.

സംഘടനയുടെ പ്രഥമ സംഗമം 2001 ഏപ്രിൽ 6,7 തീയതികളിൽ ഉമറാബാദിലെ ജാമിഅ ദാറുസ്സലാമിലാണ് നടന്നത്. ദ്വിതീയ സംഗമം 2005 ജൂൺ 4,5,6 തീയതികളിൽ ബീഹാറിലെ ജാമിഅത്തുൽ ഇമാം ബുഖാരിയിലും.

'ഇസ്‌ലാം മധ്യമമാർഗത്തിന്റെയും സമാധാനത്തിന്റെയും ദീൻ' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് മൂന്നാം സംഗമം നടന്നത്.

മദീനാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റി, ഇമാം മുഹമ്മദുബ്നു സുഊദ് യൂനിവേഴ്സിറ്റി, റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി, സുഊദി എംബസി എന്നിവയുടെ പ്രതിനിധികളായി പത്തുപേർ സംഗമത്തിൽ സംബന്ധിച്ചു. ഡോ. അബ്ദുല്ല മുസാഇദ് അസ്സഹ്റാനി (സോഷ്യൽ സർവീസ് ഡീൻ, മദീനാ യൂനിവേഴ്സിറ്റി), ഡോ. അബ്ദുൽ അസീസ് മബ്റൂക് അൽ അഹ്മദി (ഗ്രാജ്വേറ്റ്സ് അഫേഴ്സ് ഡീൻ, മദീനാ യൂനിവേഴ്സിറ്റി), ഡോ. അബ്ദുർറസ്സാഖ് അബ്ദുൽ മുഹ്സിൻ അൽ അബ്ബാദ് (പ്രൊ. മദീനാ യൂനിവേഴ്സിറ്റി), ഡോ. മുസ്ഇദുബ്നു മുസാഇദ് അൽ ഹുസൈനി (അണ്ടർ സെക്രട്ടറി ഗ്രാജ്വേറ്റ്സ് അഫേഴ്സ്, മദീനാ യൂനിവേഴ്സിറ്റി), ഡോ. അഹ്മദ് യൂസുഫ് അദ്ദുറൈവീശ് (അണ്ടർ സെക്രട്ടറി ഫോർ സോഷ്യൽ സർവീസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി, ഇമാം മുഹമ്മദുബ്നു സഊദ് യൂനിവേഴ്സിറ്റി), ഡോ. അഹ്മദ് അബ്ദുല്ല അസ്സഹ്റാനി (മുൻ ഡീൻ, ഖുർആൻ ഫാക്കൽറ്റി മദീനാ യൂനിവേഴ്സിറ്റി), ശൈഖ് ഹുബയ്യിബ്ബ്നു മുഹമ്മദ് അൽഹാരിസി (അസി. സെക്രട്ടറി, ഇസ്‌ലാമിക പ്രബോധന വിഭാഗം, റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി), ഡോ. സുലൈമാൻ അൽ അൻഖരി (അണ്ടർ സെക്രട്ടറി, അഡ്മിഷൻ ആന്റ് രജിസ്ട്രേഷൻ അഫേഴ്സ്, ഇമാം മുഹമ്മദുബ്നു സുഊദ് യൂനിവേഴ്സിറ്റി), അഹ്മദ് അലി അർറൂമി (കൾച്ചറൽ അഡ്വൈസർ, സുഊദി എംബസി, ന്യൂദൽഹി) എന്നിവരാണ് മുഖ്യാതിഥികൾ.

ഹരിയാന ഗവർണർ ഡോ. അഖ്‌ലാഖുർറഹ്മാൻ ഖിദ്വായിയുടെ അധ്യക്ഷതയിലായിരുന്നു ഉദ്ഘാടന സമ്മേളനം. വിദേശകാര്യമന്ത്രി പ്രണബ് മുഖർജി വിജയാശംസകൾ നേർന്ന് സന്ദേശമയച്ചിരുന്നു.

സുഊദി എംബസിയിലെ കൾചറൽ അഡ്വൈസർ അഹ്മദ് അലി അർറൂമി ഉദ്ഘാടന പ്രസംഗത്തിൽ ഇസ്‌ലാം നീതിയുടെയും സമാധാനത്തിന്റെയും മധ്യമമാർഗമാണെന്നും സുഊദി യൂനിവേഴ്സിറ്റികളിൽനിന്ന് പുറത്തുവന്ന പൂർവ വിദ്യാർഥികൾ മധ്യമമാർഗത്തിന്റെ സന്ദേശവാഹകരായിരിക്കണമെന്നും പറഞ്ഞു.

ആശംസകളർപ്പിച്ച് രാജ്യസഭാ ഡെപ്യൂട്ടി സ്പീക്കർ ഡോ. കെ. റഹ്മാൻ ഖാൻ പറഞ്ഞു: "ഇസ്‌ലാം ഇന്ന് അതി ദുഷ്കര

മായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും മേൽ ഭീകരതയുടെ മുദ്രചാർത്തി ഇസ്‌ലാമിക സമൂഹത്തെ പൊതു സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ അവതീർണമായത് മാനവരാശിയെ അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് ആനയിക്കുന്നതിനാണ്. ഈ വസ്തുത വിശദീകരിച്ചു കൊടുക്കൽ പണ്ഡിതന്മാരുടെ ബാധ്യതയാണ്. ഒറ്റപ്പെട്ട ചില ആളുകളിൽനിന്നുണ്ടാവുന്ന വിധ്വംസക പ്രവർത്തനങ്ങൾ മാനവരാശിക്ക് നാശമാണ് വരുത്തിവെക്കുകയെന്നും, അത് ഇസ്‌ലാമിന്റെ അധ്യാപനമോ മുസ്‌ലിംകളുടെ സ്വഭാവമോ അല്ലെന്നും വിശദീകരിക്കപ്പെടണം."

റാബിത്വത്തുൽ ആലമിൽ ഇസ്‌ലാമി പ്രതിനിധി ശൈഖ് ഹുബയ്യിബുബ്നു മുഹമ്മദ് അൽ ഹാരിസി പറഞ്ഞു: "സലഫികൾ തീവ്രവാദികളും അസഹിഷ്ണുക്കളുമാണെന്നാണ് ആളുകൾ ധരിക്കുന്നത്. ആ ധാരണ തിരുത്തേണ്ടത് ഉൽകൃഷ്ട സ്വഭാവവും മാന്യമായ പെരുമാറ്റവും കൊണ്ടാണ്. മധ്യമ നിലപാടെന്നത് കേവല മുദ്രാവാക്യമല്ല. എല്ലാവരും വാദിക്കുന്നത് തങ്ങൾ മധ്യമനിലപാടുകാരാണെന്നാണ്. എന്നാൽ അധികം ആളുകളും അത് സ്വജീവിതത്തിൽ പ്രാവർത്തികമാക്കാറില്ല."

സംഗമത്തിൽ പൂർവ വിദ്യാർഥികൾ അണിയിച്ചൊരുക്കിയ സോവനീർ 'സൗത്തുൽ ഖിർരീജീൻ' മൂന്നാം ലക്കം പ്രകാശനം ചെയ്തു.

അഹ്‌ലെ ഹദീസ്, ജമാഅത്തെ ഇസ്‌ലാമി, ദാറുൽ ഉലൂം ദയൂബന്ദ്, നദ്‌വത്തുൽ ഉലമ ലഖ്നൗ തുടങ്ങിയ വ്യത്യസ്ത ചിന്താധാരകളെ പ്രതിനിധീകരിക്കുന്നവരുടെ ദ്വിദിന സംഗമം ഇസ്‌ലാമികൈക്യത്തിന്റെ ഒരു പരിഛേദമായിരുന്നു.

സുഊദി യൂനിവേഴ്സിറ്റിയിലെ പൂർവ വിദ്യാർഥികൾ പ്രധാനമായും സേവനമനുഷ്ഠിക്കുന്നത് ഇസ്‌ലാമിക വിദ്യാഭ്യാസ മേഖലയിലാണ്. നദ്‌വത്തുൽ ഉലമ ലഖ്നൗ, അൽ ജാമിഅ അൽ ഇസ്‌ലാമിയ ശാന്തപുരം, ജാമിഅത്തുൽ ഫലാഹ് ബലരിയാഗഞ്ച്, ജാമിഅതു ദാറുസ്സലാം ഉമറാബാദ്, ജാമിഅത്തുൽ ഇമാം ബുഖാരി ബീഹാർ, അൽ ജാമിഅത്തുൽ മുഹമ്മദിയ്യ മാലിഗാവ്, ജാമിഅത്തുൽ ഇമാം ഇബ്നു തൈമിയ്യ ബീഹാർ, ജാമിഅ സലഫിയ്യ ബനാറസ്, അൽ ജാമിഅത്തുൽ അഹ്‌മദിയ്യ അസ്സ്വഫിയ്യ ദർഭംഗ, മദ്റസയെ ഫൈസെ ആം യു.പി, ഇദാറത്തുദ്ദഅ്‌വ ദൽഹി, മദ്റസത്തുൽ ഇസ്‌ലാഹ് ഡ്വറായേമീർ, കുല്ലിയ്യത്തു സ്സ്വഫാ സിദ്ധാർത്ത് നഗർ, ജാമിഅ സയ്യിദ് നദീർ ഹുസൈൻ ദൽഹി, വനിതാ ഇസ്‌ലാമിയാ കോളേജ് വണ്ടൂർ, അസ്ഹറുൽ ഉലൂം ആലുവ, ഇലാഹിയാ കോളേജ് തിരൂർക്കാട്, ആലിയ അറബി കോളേജ് കാസർകോട്, ഇസ്‌ലാമിയാ കോളേജ് മന്ദം, ജാമിഅ നദ്‌വിയ്യ എടവണ്ണ, സലഫിയാ കോളേജ് കരിങ്ങനാട്, റഹ്‌മാനിയാ കോളേജ് മമ്പാട്, ഐ.എ സ്.എസ് പൊന്നാനി, അൻസാർ സ്കൂൾ പെരുമ്പിലാവ് എന്നിവ അവരുടെ സേവന കേന്ദ്രങ്ങളിൽ ചിലതാണ്. ■